**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6064** **17-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന നടപ്പാക്കുന്ന ഒറ്റപ്പാലം ബൈപ്പാസ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന നടപ്പാക്കുന്ന ഒറ്റപ്പാലം ബൈപ്പാസ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 2016-17 ലെ കേരള ബഡ്ജറ്റിൽ പ്രഖ്യാപിച്ച പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് G.O.(Rt) No. 1324/PWD/2016 dated 27/09/2016 പ്രകാരം ആർ.ബി.ഡി.സി.കെ -യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. വിശദമായ പഠനങ്ങളുടെയും സർവ്വേകളുടെയും അടിസ്ഥാനത്തിൽ ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയ്ക്ക് 78.05 കോടി രൂപയുടെ കിഫ്ബി അംഗീകാരം Order No. PWD-003-04-PA-01 dated 15/05/2018 പ്രകാരം നൽകിയിട്ടുണ്ട്. പദ്ധതിയ്ക്ക് ആവശ്യമായ, ഒറ്റപ്പാലം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ഏകദേശം 325.00 ആർ (3.2500 ഹെക്ടർ) സ്ഥലം ഏറ്റെടുത്ത് ലഭിക്കുന്നതിനായി 03/09/2018 - ൽ ജില്ലാ കളക്ടർ, പാലക്കാടിന് പദ്ധതി നിർവഹണ ഏജൻസി അർത്ഥനാപത്രം സമർപ്പിച്ചു. സർവ്വേ & അതിരടയാളം ആക്ട് വകുപ്പ് 6 (1) പ്രകാരമുള്ള വിജ്ഞാപനം. എൽ.എ. തഹസിൽദാർ 17/11/2018 ലെ 2755 ആം നമ്പർ ഗസറ്റിൽ പരസ്യപ്പെടുത്തിയിരുന്നു. ഈ പദ്ധതിക്കാവശ്യമായ സ്ഥലമെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഭരണാനുമതി 28/06/2019 ൽ G.O.(Rt) No. 1676/2019 പ്രകാരം ലഭിച്ചിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി17/09/2019 ന് ആരംഭിക്കുകയും പ്രവൃത്തി പൂർത്തിയാക്കി 09/10/2019 – ന് സംയുക്ത പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്. സ്ഥലമെടുപ്പ് നടപടികളുടെ പ്രാഥമിക ചിലവുകൾക്കാവശ്യമായിരുന്ന 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ കിഫ്ബിയിൽ നിന്നും അനുവദിച്ച് നൽകിയിരുന്നു. ടി തുക പദ്ധതി നിർവഹണ ഏജൻസി തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യാഘാത പഠനം |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും, 18/02/2021 ൽ 11(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് അതിർത്തി കല്ലുകളിൽ ചിലത് സ്ഥാനം തെറ്റി കിടക്കുന്നതായും, ചിലത് കാണാനില്ല എന്നും സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽ നിന്ന് അറിയിച്ചതിനെ തുടർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയും നഷ്ടപ്പെട്ട കല്ലുകൾ പുന: സ്ഥാപിക്കുകയും ചെയ്തിരുന്നു. പിന്നീട് സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ടതനുസരിച്ച് സ്ഥലമേറ്റെടുപ്പിനും ആർ.ആർ പാക്കേജിനു മായി 43.65 കോടി രൂപ 26 .07.2022 ന് സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 12.08.2022 – ന് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ആകെയുള്ള 240 എൽ.എ.സി. കേസുകളിൽ 180 എണ്ണത്തിൽ ജില്ലാ കളക്ടർ ഡി.വി.എസ്. അംഗീകരിച്ചിട്ടുള്ളതും അതിൽ 85 എണ്ണത്തിൽ അവാർഡ് പാസ്സാക്കി നഷ്ടപരിഹാരം ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതും, 81 പേരുടെ അക്കൗണ്ടിൽ 11 കോടി രൂപ വരവ് വന്നിട്ടുള്ളതുമാണ്. ബാക്കി കേസ്സുകളിൽ അവാർഡ് പാസ്സാക്കുന്ന നടപടി പുരോഗമിച്ചു വരുകയുമാണെന്ന് പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (ബി) | സ്ഥലം നഷ്ടപ്പെടുന്ന ഭൂവുടമകൾക്ക് തുക വിതരണം ചെയ്തു കഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കുന്നതിന് എത്ര സമയം എടുക്കും; വിശദാംശം ലഭ്യമാക്കാമോ? | (ബി) | സ്ഥലം ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ. ക്ക് കൈമാറി കഴിഞ്ഞ് 3 മാസത്തിനുള്ളിൽ ടെൻഡർ ചെയ്ത് നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതാണെന്ന് പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ